(സി) ഇതുമായി ബന്ധപ്പെട്ട് പൊല്യൂഷൻ കൺട്രോൾ ബോർഡിന് എതിരായി വല്ല പരാതിയും സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പരാതിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പുതുശ്ശേരി വ്യവസായ മേഖലയിൽ 22 ഇരുമ്പ് ഉരുക്ക് വ്യവസായ ശാലകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി, ഡി.) പരാതി ലഭിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്റ്റീൽ കോംപ്ലക്സ് നവീകരണ പദ്ധതി

*1212. ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റീൽ കോംപ്ലക്സ് നവീകരണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ ;

(ബി) ജനപ്രതിനിധികളുടെയും വിവിധ തൊഴിലാളി സംഘടനാ നേതാക്കളുടെയും സംയുക്ത യോഗതീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) യോഗ തീരുമാനം എന്നേക്ക് നടപ്പിൽ വരുത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സ്റ്റീൽ കോംപ്ലക്സ് പുനരുദ്ധരിക്കുന്നതിനായി ബി.ഐ.എഫ്.ആർ. നിർദ്ദേശപ്രകാരം കമ്പനി ഒരു റിപ്പോർട്ട് തയ്യാറാക്കി ഓപ്പറേറ്റിംഗ് ഏജൻസിയായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്ക് സമർപ്പിക്കുകയും, ബാങ്ക് പ്രസ്തുത റിപ്പോർട്ട് പഠിച്ചശേഷം ബൃഹത്തായ ഒരു പുനരുദ്ധാരണ പദ്ധതി 9-11-2004-ൽ സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. സർക്കാർ വിവിധ വകുപ്പുകളുടെ അഭിപ്രായത്തോടെ, പുനരുദ്ധാരണ പദ്ധതി അനുഭാവപൂർവ്വം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ബി, സി) യോഗ തീരുമാനങ്ങൾ പുനരുദ്ധാരണ പദ്ധതിയോടൊപ്പം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പുനരുദ്ധാരണ പദ്ധതി സർക്കാർ പരിശോധിച്ചു അംഗീകരിച്ചശേഷം ബി. ഐ. എഫ്. ആർ. അംഗീകാരത്തോടെ നടപ്പിലാക്കാൻ കഴിയുമെന്നു കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly